# അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്ന തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ല

## മദ്രാസ് ഹൈക്കോടതി

W.A. No. 540/2011 Dt. 18.12.2019

ആർ. ബാലസുബ്രഹ്മണ്യൻ
x
സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ

ബേങ്കിൽ ജോലി ചെയ്തിരുന്ന തൊഴിലാളി 1.1.1996 മുതൽ 29.7.1996 വരെ ജോലിക്കു ഹാജരായില്ല. അവധിയെടുക്കാതെയും മേനേജ്മെന്റിനെ അറിയിക്കാതെയും അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്ന തൊഴിലാളിക്കെതിരെ മേനേജ്മെന്റ് അച്ചടക്ക നടപടി സ്വീകരിക്കാതെ ദയ കാണിച്ച്, ഹാജരാകാതിരുന്ന കാലയളവ് അസാധാരണ അവധിയായി കണക്കിലെടുത്തു. മൂന്ന് വർഷം കഴിഞ്ഞപ്പോൾ തൊഴിലാളി വീണ്ടും അനധികൃതമായി ജോലിക്കു ഹാജരായില്ല. ഇത്തവണയും അവധിയെടുക്കുകയോ മേനേജ്മെന്റിനെ വിവരമറിയിക്കുകയോ ചെയ്യാതെയാണ് തൊഴിലാളി ജോലിയിൽ നിന്ന് വിട്ടുനിന്നത്. ഒരു വർഷം കഴിഞ്ഞിട്ടും തൊഴിലാളി യാതൊരു വിവരവും അറിയിക്കാതായപ്പോൾ തൊഴിലാളിക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ മേനേജ്മെന്റ് തീരുമാനിച്ചു. അതിന്റെ ഭാഗമായി അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്തി. അന്വേഷണ വേളയിൽ തൊഴിലാളി കുറ്റാരോപണം അംഗീകരിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്ന് കുറ്റസമ്മത മൊഴി കൂടാതെത്തന്നെ മറ്റു തെളിവുകളിൽ നിന്ന് വ്യക്തമായിട്ടുണ്ടെന്ന് കാണിച്ച് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. ഗാർഹികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ തൊഴിലാളി അപ്പീലാധികാരിക്ക് മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും തൊഴിലാളി രണ്ട് വർഷത്തോളം അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്ന വസ്തുതയും അവസരം നല്കിയിട്ടും തൊഴിലാളി സ്വയം തിരുത്താൻ തയ്യാറായില്ല എന്ന വസ്തുതയും കണക്കിലെടുത്ത അപ്പീലധികാരി അപ്പീൽ തള്ളിക്കളയുകയാണുണ്ടായത്. തുടർന്ന് തൊഴിലാളി വ്യവസായ തർക്കം ഉന്നയിച്ചു. സംസ്ഥാന സർക്കാർ പ്രസ്തുത തർക്കം ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. തൊഴിലാളിക്കെതിരെയുള്ള ഗാർഹികാന്വേഷണം കുറ്റമറ്റരീതിയിലാണ് നടത്തിയതെന്നും കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്നും ശിക്ഷ ആനുപാതികമായി കഠിനമല്ലെന്നും വിലയിരുത്തിയ ലേബർ കോടതി തൊഴിലാളിയുടെ അവകാശവാദങ്ങൾ തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തന്നെ തിരിച്ചെടുക്കാൻ നിർദ്ദേശിക്കണമെന്ന ആവശ്യം നിരാകരിച്ച സിംഗിൾ ബഞ്ച് റിട്ട് ഹർജി തള്ളിക്കളഞ്ഞു. തുടർന്ന് അയാൾ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. തന്റെ കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് താൻ കുറ്റക്കാരനെന്ന് കണ്ടെത്തിയതെന്നും അത് ശരിയല്ലെന്നും താൻ അസുഖബാധിതനായിരുന്നതുകൊണ്ടാണ് ജോലിക്ക് ഹാജരാകാതിരുന്നതെന്നും ഇക്കാര്യം മേനേജ്മെന്റിനെ അറിയിച്ചിരുന്നുവെന്നും മറ്റും തൊഴിലാളി വാദിച്ചത് ഡിവിഷൻ ബഞ്ച് അംഗീകരിച്ചില്ല. തിരുത്താനുള്ള അവസരം നല്കിയിട്ടും അതിനു തയ്യാറാകാതെ വീണ്ടും അനധികൃതമായി ജോലിയിൽ നിന്നു വിട്ടുനിന്ന തൊഴിലാളി ദയ അർഹിക്കുന്നില്ലെന്നും തൊഴിലാളിയുടെ പെരുമാറ്റദൂഷ്യം ഗൗരവമുള്ളതാണെന്നും വിലയിരുത്തിയ ഡിവിഷൻ ബഞ്ച് ലേബർ കോടതിയുടെയും സിംഗിൾ ബഞ്ചിന്റെയും വിധികൾ ശരിവയ്ക്കുകയും തൊഴിലാളിയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.